# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : *296

11-12-2018-ൽ
മറുപടി നൽകേണ്ടത്

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്ര മാറ്റമുണ്ടാക്കുന്നതിന് പദ്ധതി

ചോദ്യം

ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീ.എം.സ്വരാജ്
ശ്രീ.രാജു എബ്രഹാം
ശ്രീ.എൻ. വിജയൻ പിള്ള

ഉത്തരം

ഡോ. കെ. ടി. ജലീൽ
(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊതുവിദ്യാഭ്യാസ രംഗത്ത് കൈവരിക്കാനായ അഭിമാനാർഹമായ നേട്ടം ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് സംക്രമിപ്പിക്കാനായി ഉന്നത വിദ്യാഭ്യാസ രംഗത്ത് സമഗ്ര മാറ്റം ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്ര മാറ്റം ലക്ഷ്യമാക്കി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു നടപ്പിലാക്കി വരുന്നു.<br>Accreditation-ന് ഊന്നൽ നല്കികൊണ്ട് എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും 2022-നുള്ളിൽ accreditation ലഭ്യമാക്കേണ്ടതാണ്. അതിനായി സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ സ്ഥാപിക്കുവാൻ തീരുമാനിച്ചു |

| | | | |
|---|---|---|---|
| | | | **ഫാക്കൽറ്റി, ട്രെയിനിംഗ് സെന്റർ:-**<br>മികച്ച അധ്യാപകരുടെ അപര്യാപ്തത നിലനിൽക്കുന്നതിനാൽ അധ്യാപകരുടെ കഴിവും ഗുണവും വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ സയൻസ്, ഹ്യൂമാനിറ്റീസ്, സാമൂഹ്യ ശാസ്ത്രം, ആർട്ട്, ലിറ്ററേച്ചർ എന്നീ വിഭാഗത്തിൽ ഫാക്കൽറ്റി ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.<br>വിദ്യാർത്ഥികൾ ആർജിക്കേണ്ട കഴിവുകൾ മുൻകൂട്ടി കണ്ടെത്തി, ***ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജുവേറ്റ് ആട്രിബ്യൂട്ട്സിനും*** ഊന്നൽ നൽകിക്കൊണ്ട് കരിക്കുലത്തിൽ മാറ്റങ്ങൾ നടത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br>ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി:- സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് കോളേജുകളിലും സർവ്വകലാശാല ഡിപ്പാർട്ടുമെന്റുകളിലും ബിരുദ, ബിരുദാനന്തര തലത്തിൽ നോൺ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 2009 മുതൽ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>എറുഡൈറ്റ് പദ്ധതി:- ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന |

| | | | |
|---|---|---|---|
| | | | സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് 'എറുഡൈറ്റ്' അഥവാ **'Scholar in Residence Scheme'**.<br>**ക്ലസ്റ്റർ കോളേജ് പദ്ധതി:-** ഒരേ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ (പ്രത്യേകിച്ചും കോളേജുകൾ), അക്കാദമികവും ഭൗതികവുമായ വിഭവങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും അതുവഴി ഉന്നത വിദ്യാഭ്യാസ രംഗത്ത് മേൻമ (excellence) കൈവരിക്കുന്നതിനുമായി 'ക്ലസ്റ്റർ ഓഫ് കോളേജസ്' എന്ന ആശയം വിഭാവനം ചെയ്തിട്ടുണ്ട്.<br>**പി. ജി. റീസ്ട്രക്ചറിംഗ്**<br>ബിരുദതലത്തിൽ നടപ്പിലാക്കിയ കരിക്കുലം പരിഷ്കരണത്തിന് തുടർച്ചയായി പി. ജി. തല വിദ്യാഭ്യാസം പുനഃസംഘടിപ്പിക്കുന്നതിന് പ്രൊഫ. ഇ.ഡി. ജെമ്മീസ് ചെയർമാനായി ഒരു കമ്മിറ്റിക്ക് രൂപം നല്കിയിട്ടുണ്ട് .<br>**ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാനായി** ഒരു വിദഗ്ദ്ധ സമിതിക്ക് രൂപം നല്കിയിട്ടുണ്ട്.<br>സംസ്ഥാനത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സർവ്വകലാശാലയ്ക്ക് 5 കോടിരൂപയുടെ, ചാൻസലേഴ്സ് അവാർഡും, ഗവേഷണ രംഗത്ത് മികവു കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകുന്നതിനായി |

| | | | |
|---|---|---|---|
| | | | **കൈരളി അവാർഡും** ഏർപ്പെടുത്തിയിട്ടുണ്ട്. ബിരുദതലത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി പ്രത്യേക ക്ലാസുകൾ നൽകി പരീക്ഷകൾക്ക് തയ്യാറാക്കുന്ന **Scholar Support Programme** നടത്തി വരുന്നു. പഠനത്തിൽ പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് external mentor-ന്റെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് **Walk with Scholar** എന്ന പദ്ധതി, കേരളത്തിലെ കോളേജുകളിലെ യുവാക്കളായ അധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ പ്രത്യേക വാസനകൾ വികസിപ്പിക്കുന്നതിനും അധ്യയന രംഗത്തെ കണ്ടെത്തലുകളുടെയും ഗവേഷണങ്ങളുടെയും സമന്വയം ത്വരിതപ്പെടുത്തുന്നതിനും വേണ്ടി FLAIR (Fostering Linkages For Academic Innovation And Research) എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.<br>ഇൻന്റേൺഷിപ്പ് - എല്ലാ കുട്ടികൾക്കും പ്രത്യേകിച്ചും എഞ്ചിനീയറിംഗ് പഠിക്കുന്നവർക്ക് ഇൻന്റേൺഷിപ്പ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തും. |
| **(ബി)** | എല്ലാ സ്ഥാപനങ്ങൾക്കും നാക് അല്ലെങ്കിൽ സാക് അക്രഡിറ്റേഷൻ അർഹത നേടും വിധം സ്ഥാപന നിലവാരമുയർത്താനായി പദ്ധതി യുണ്ടോ എന്ന് വ്യക്തമാക്കാമോ; | **(ബി)** | ഉണ്ട്. |
| **(സി)** | അധ്യാപകരുടെ നൈപുണ്യശേഷി | **(സി)** | ഉണ്ട്. |

| | | | |
|---|---|---|---|
| | ഉയർത്തുന്നതിനും കാലാനുസൃതമായി നവീകരിക്കുന്നതിനും പദ്ധതിയുണ്ടോ ; | | |
| (ഡി) | വിദ്യാർത്ഥികളുടെ നവീന ആശയങ്ങൾ സമ്പുഷ്ടമാക്കുന്നതിനും ആശയവിനിമയത്തിൽ ഉൾപ്പെടെ അവരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന രീതിയിൽ പഠന സമ്പ്രദായം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ